പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2845 14.2.2013 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ നിന്നും കോളനിയെ ഒഴിവാക്കിയ നടപടി

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ)'സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി ചിലയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ട 2 കോളനികളേക്കാൾ ഭൗതികപരമായി പിന്നോക്കം നിൽക്കുന്ന കോളനിയുടെ പേര് നിർദ്ദേശിച്ചിട്ടും ഇതു സംബന്ധിച്ച് പട്ടികജാതി വകുപ്പ് ജില്ലാ ഓഫീസറുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടും ചിലയുടെ റിപ്പോർട്ടിലെ വസ്തുതാപരമായ തെറ്റുകളെക്കുറിച്ച് അന്വേഷണം നടത്താതെ അങ്കമാലി നിയോജക മണ്ഡലത്തിലെ കോളനിയെ ഒന്നാംഘട്ടത്തിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കുമോ; | (എ) | പാറക്കടവ് ഗ്രാമപഞ്ചായത്തിലെ അയനിക്കത്താഴം പട്ടികജാതി കോളനിയെ സ്വയം പര്യാപ്ത പട്ടികജാതി കോളനിയാക്കണമെന്ന നിർദ്ദേശത്തിന്മേൽ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷിച്ച് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം മണക്കുന്ന്, തിടുക്കയിൽ, അയനിക്കത്താഴം എന്നീ 3 പട്ടികജാതി സങ്കേതങ്ങളിലും കൂടി ആകെ 47 പട്ടികജാതി കുടുംബങ്ങൾ മാത്രമേയുള്ളൂയെന്നും, മണക്കുന്ന്, തിടുക്കയിൽ കോളനികൾ തമ്മിൽ ഏകദേശം 300 മീറ്റർ ദൂരവും തിടുക്കയിൽ അയനിക്കത്താഴം കോളനികൾ തമ്മിൽ 500 മീറ്റർ ദൂരവും ഉള്ളതിനാൽ ഒരു കോളനിയായി നിലനിൽക്കാത്തതും മൂന്ന് വ്യത്യസ്ത സങ്കേതങ്ങളായി കണക്കാക്കുന്നതിനാലും ഇവയെ തല്ക്കാലം സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താനാവില്ല. |
| (ബി)പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം എപ്പോഴാണ് ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | 2013-14 സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.